For Private Circulation Only August 2017

# ആശ്വാസദൂതൻ

HOLY BIBLE

Vol.64 “അവ്വണ്ണം തന്നേ ആത്മാവു നമ്മുടെ ബലഹീനതെക്കു തുണ നിൽക്കുന്നു ”(റോമർ. 8:26) No.8

## നഷ്ടപ്പെട്ട ആത്മാക്കൾക്കു വേണ്ടിയുള്ള തീവ്രമായ ആത്മഭാരം

By H.C. Van Wormer

ജോർജ്ജ് വൈറ്റ് ഫീൽഡ് എന്ന ദൈവഭക്തൻ ദൈവത്തോട് കരഞ്ഞത്, “ദൈവമേ എനിക്ക് ആത്മാക്കളെ തരൂ, അല്ലെങ്കിൽ എന്റെ ആത്മാവിനെ എടുക്കൂ.................. ആത്മാക്കളെക്കുറിച്ചുള്ള ഭാരം നഷ്ടപ്പെട്ട മനുഷ്യരെക്കുറിച്ചുള്ള ഒരു ആഴമായ ആത്മഭാരം, ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെക്കുറിച്ചുള്ള ആഴമായ ചിന്ത, നെടുവീർപ്പ് കണ്ണുനീർ”.

യന്ത്ര സംവിധാനങ്ങൾ ഉണ്ടാകുന്നതിനു മുമ്പ് ഉണ്ടായിരുന്ന ഒരു ദൈവഭക്തൻ പറഞ്ഞത് “ഞാൻ എന്റെ പകലത്തെ ജോലികാര്യങ്ങൾ നേരത്തേ തീർത്തിട്ട് ഞാൻ എന്റെ കുതിരയെ പൂട്ടി വണ്ടി തെളിയിച്ച് ഇരുപത് കിലോമീറ്റർ ദൂരം യാത്ര ചെയ്ത് ദൈവത്തിൽ നിന്നും അന്യപ്പെട്ടുകൊണ്ടിരുന്ന ഒരു സഹോദരനെത്തേടി അവനുവേണ്ടി പ്രാർത്ഥിക്കുവാൻ പോകുമായിരുന്നു. അവനെ ദൈവസന്നിധിയിൽ മടക്കി ക്കൊണ്ടു വരുന്നതുവരെയും ഞാൻ വിശ്രമിച്ചു”. സ്നേഹിതരേ, ആത്മാക്കളെക്കുറിച്ചുള്ള ഈ ദാഹം നമുക്കുണ്ടോ?

ഡേവിഡ് ബ്രയനാർഡ് പറഞ്ഞത്, “എങ്ങോട്ട് പോകുന്നു എങ്ങനെ ജീവിക്കുന്നു എന്തു ഞാൻ സഹിക്കുന്നു എന്നൊന്നും ഞാൻ ചിന്തിക്കുന്നില്ല, എനിക്ക് ആത്മാക്കളെ രക്ഷിച്ചെടുക്കേണം. ഞാൻ ഉറങ്ങുമ്പോൾ അവരെക്കുറിച്ച് സ്വപ്നം കാണുന്നു, ഞാൻ ഉണരുമ്പോൾ ഞാൻ ആദ്യം ചിന്തിക്കുന്നത് അവർക്കുവേണ്ടിയാണ്. ആത്മാക്കളോടുള്ള ആഴമേറിയതും ദയയോടു കൂടിയുള്ളതുമായ സ്നേഹത്തിനു പകരം, വിദ്യാഭ്യാസപരമായ ഒരുക്കമോ ബുദ്ധിയുടെ പ്രമാണങ്ങളോ പുറമേയുള്ള പ്രകടനങ്ങളോ ഒന്നും കാര്യമായ പ്രയോജനമുണ്ടാക്കുകയില്ല”.

ജോൺ ഫ്ളച്ചർ എന്ന ദൈവഭക്തൻ പറഞ്ഞത് ആത്മാക്കളെ നേടുന്ന ഒരു ശുശ്രൂഷകന്റെ സ്നേഹം എന്നത് തുടർച്ചയായതും വിശാലമായതും ഊഷ്മളമായതുമായ സ്നേഹം ആയിരിക്കും.

### വെൽഷ് ഉണർവിൽ വ്യാപരിച്ച ആത്മഭാരം

പ്രസിദ്ധമായ വെൽഷ് ഉണർവ്വു യോഗത്തിന്റെ ഒരു സന്ധ്യയിൽ ഡോ. എഫ്.ബി. മെയർ നോക്കുമ്പോൾ ഒരു യുവ ശുശ്രൂഷകൻ ആളുകളെക്കൊണ്ടു തിങ്ങി നിറഞ്ഞ യോഗത്തിലേക്ക് വന്നു. ആ യുവ ശുശ്രൂഷകൻ തന്റെ പുറകിൽ നിന്നു പരിഹസിക്കുന്ന തന്റെ രണ്ടു കൂട്ടുകാർക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പെട്ടെന്ന് അതിൽ ഒരാൾ എഴുന്നേറ്റു പറഞ്ഞു. “ ഇല്ല, അതു ശരിയല്ല, ഞാൻ പരിഹസിച്ചില്ല, ഞാൻ പറഞ്ഞത് ഞാൻ ഒരു അവിശ്വാസിയല്ല, എന്നാൽ ഞാൻ ഒരു നിരീശ്വരവാദിയാണ്. ദൈവം എന്നെ രക്ഷിക്കാനാഗ്രഹിക്കുന്നു എങ്കിൽ ഞാൻ ഒരവസരം ദൈവത്തിന് കൊടുക്കുന്നു. ദൈവം എന്നെ രക്ഷിക്കട്ടെ”.

ആ മനുഷ്യന്റെ അഹങ്കാരത്തോടുകൂടിയ വാക്കുകൾ ഇവാൻ റോബർട്ട് എന്ന ദൈവഭക്തനെ വല്ലാതെ വേദനിപ്പിച്ചു അദ്ദേഹം മുട്ടിൻമേൽ നിന്ന് വേദനയോടെ ഹൃദയാംഗമായി ആത്മഭാരത്തോടെ കരഞ്ഞു. അവന് ഒരു പാപബോധമുണ്ടാകുവാൻ ദൈവത്തോടു പ്രാർത്ഥിച്ചു.

ഡോ.മെയറിന്റെ ഒരു സ്നേഹിതൻ അരികിൽ നില്ക്കയായിരുന്നു. അദ്ദേഹം നോക്കുമ്പോൾ ആ യൗവ്വനക്കാരൻ വല്ലാതെ കരയുന്നതു കണ്ടു. അദ്ദേഹം പറഞ്ഞത്. “ഇത് വളരെ ഭയാനകം! അവന്റെ കരച്ചിൽ കേൾക്കുവാനുള്ള ത്രാണി എനിക്കില്ല. ഇതുവരെ കണ്ടിട്ടില്ലാത്ത ഒരു അനുഭവമത്രേ ഇത്”.

ഡോ.മെയർ പറഞ്ഞു. നീ ചെയ്യുന്ന കാര്യം നിന്റെ ഇഷ്ടപ്രകാരം ചെയ്യരുത്. ഈ കാര്യം എന്റെ ഹൃദയത്തിൽ സംഗ്രഹിക്കുവാനായി ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ മുപ്പതു വർഷക്കാലം നനവില്ലാത്ത കണ്ണുമായി സുവിശേഷം പ്രസംഗിച്ചു. വലിയ ജനക്കൂട്ടങ്ങളോട് ഞാൻ പ്രസംഗിച്ചിട്ടുണ്ട്. ഇങ്ങനെയൊരനുഭവം ഞാൻ കണ്ടിട്ടില്ല. ഈ മനുഷ്യന്റെ വേദനയോടെയുള്ള നിലവിളിയും അവന്റെ ഹൃദയമിടിപ്പും ഞാൻ മനസിലാക്കുന്നു. അത് എന്റെ ഹൃദയത്തെ സ്പർശിക്കുന്നു.

ഇവാൻ റോബർട്ട് തേങ്ങി തേങ്ങിക്കരഞ്ഞു. മേയർ പറഞ്ഞത് തേങ്ങിക്കരയുവാൻ ദൈവമേ എന്നെ പഠിപ്പിക്കേണമേ. ഞാൻ പ്രസംഗിക്കുമ്പോൾ ഹൃദയം പൊട്ടുന്ന വേദനയോടെ. ആത്മഭാരത്തോടെ സുവിശേഷം പ്രസംഗിക്കുവാൻ എന്നെ സഹായിക്കേണമേ.

### സ്വർഗ്ഗത്തിനും ഭൂമിക്കും മദ്ധ്യേയുള്ള പോരാട്ടം

പത്തു മിനിട്ടിനുശേഷം ഇവാൻ റോബർട്ട് എഴുന്നേറ്റ് ജനത്തെ അഭിസംബോധന ചെയ്തു. “നിങ്ങളെ ദൈവത്തിന് സമർപ്പിച്ചുവോ”? അവർ പറഞ്ഞു. “നിശ്ചയമായും ഇവാൻ റോബർട്ട് ജനത്തോടു പറഞ്ഞു”. “ നമുക്കു പ്രാർത്ഥിക്കാം”. അന്തരീക്ഷം നെടുവീർപ്പിനാലും കണ്ണുനീരിനാലും ഞരക്കത്താലും മുഖരിതമായി. ജനം മുഴുവനും ഈ രണ്ടു യുവാക്കളെ അവരുടെ ഹൃദയത്തിൽ ഏറ്റെടുത്ത് അവർക്കു വേണ്ടി കരഞ്ഞു. മെയർ പറഞ്ഞു ഇങ്ങനെ ഞാൻ ഒരുനാളും കണ്ടിട്ടില്ല. താൻ

(ശേഷം 5-ാംപേജിൽ)

# ഓരോ വിശ്വാസിയും സുവിശേഷീകരണത്തിൽ പങ്കാളിയാകണം എന്നതിന് വേദപുസ്തകം പറയുന്ന കാരണങ്ങൾ

By Alan Furst

സുവിശേഷീകരണം എത്ര പ്രാധാന്യമേറിയതാണ്? ആ ജോലി ചില വിശ്വാസികൾക്കുവേണ്ടി മാത്രമുള്ളതാണോ? അതോ മിഷ്യനറിമാരുടേയും പാസ്റ്റർമാരുടേയും സുവിശേഷകന്മാരുടേയും ഉത്തരവാദിത്വമാണോ? ജീവിതശൈലിയിലും വിശ്വാസങ്ങളിലും പരസ്പരം മത്സരിക്കുന്ന ആളുകൾക്കു യഥാർത്ഥ വഴി കാണിച്ചുകൊടുക്കേണ്ടേ? പത്തു വർഷത്തെ ക്രിസ്തീയ ജീവിതത്തിന് ശേഷം ഞാൻ ഒരു സുവിശേഷകനായും സുവിശേഷകന്മാർക്ക് നേതൃത്വം കൊടുക്കുന്നവനായും തീർന്നു. സുവിശേഷീകരണം എന്ന് വേദപുസ്തകം പറയുന്ന വസ്തുക്കളെ പഠിക്കുവാനായി കർത്താവിന്റെ പാദപീഠത്തിൽ ഇരുന്നു. ഞാൻ പഠിച്ച കാരണങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കുന്നു.

**നഷ്ടപ്പെട്ടവന്റെ നഷ്ടപ്പെട്ടിരിക്കുന്ന അവസ്ഥ**

ലൂക്കോസ് 15-ാം അദ്ധ്യായത്തിൽ നഷ്ടപ്പെട്ടതിനെ സംബന്ധിച്ച മൂന്ന് ഉപമകൾ കാണാം. നഷ്ടപ്പെട്ട ദ്രഹ്മ, നഷ്ടപ്പെട്ട ആട്, നഷ്ടപ്പെട്ട മകൻ. പാപികളെക്കുറിച്ച് കർത്താവ് സംസാരിക്കുന്നത് അവർ അനുതപിച്ച് മടങ്ങി തന്റെ ശരിയായ ഉടയവങ്കലേയ്ക്ക് മടങ്ങി വരണം എന്നാണ്. മൂന്നാമത്തെ ഉപമയായ നഷ്ടപ്പെട്ട മകനെക്കുറിച്ച് സംസാരിക്കുമ്പോൾ നഷ്ടപ്പെട്ട എന്ന വാക്കിനെ സംബന്ധിച്ച് ഒരു ഉൾക്കാഴ്ച നമുക്ക് ലഭിക്കുകയാണ്. ആ വേദഭാഗത്തിൽ രണ്ടു പ്രാവശ്യം ഇവൻ മരിച്ചവനായിരുന്നു വീണ്ടും ജീവിച്ചിരിക്കുന്നു, കാണാതെ പോയിരുന്നു കണ്ടു കിട്ടിയിരിക്കുന്നു എന്ന് നാം വായിക്കുന്നു. മരണവും നഷ്ടവും അർത്ഥത്തിൽ തുല്യമാണ്.

മറ്റു പുതിയ നിയമവേദഭാഗങ്ങളിലും ഇതേ അർത്ഥത്തിൽ കാണാൻ കഴിയും. ലൂക്കൊ.19:10-ൽ "കാണാതെ പോയതിനെ തെരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത് ". യോഹ. 3:18 -ൽ "വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യ ജീവൻ പ്രാപിക്കേണ്ടതിന് തന്നേ ".

" നഷ്ടപ്പെട്ട" എന്നതിന് ഗ്രീക്കിൽ രണ്ട് പദങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. "വേർപാട്, പുറപ്പാട്" എന്നീ അർത്ഥങ്ങൾ ഉൾക്കൊള്ളുന്നതാണ് ഒന്നാമത്തെ പദം. രണ്ടാമത്തേത് രണ്ടാമത്തെ പദം. അർത്ഥമാക്കുന്നത് നഷ്ടം, മരണം, നാശം എന്നീ നിലകളിലാണ്. അതാണ് നഷ്ടപ്പെട്ട അവസ്ഥ.

യേശുവിനെ കൂടാതെയുള്ളവർ എല്ലാം തന്നെ നഷ്ടപ്പെട്ട അവസ്ഥയിലാണ്.

**നിത്യതയെക്കുറിച്ചുള്ള നിശ്ചയം**

കർത്താവായയേശു മത്താ. 24:35-ൽ പറയുന്നത് "ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും. എന്റെ വചന

(ശേഷം 6-ാം പേജിൽ)

***കർത്താവിൽ പ്രിയരേ,***

*യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം. "നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കേണം. ഇന്നു ഞാൻ നിന്നോടു കൽപിക്കുന്ന ഈ വചനങ്ങൾ നിന്റെ ഹൃദയത്തിൽ ഇരിക്കേണം. നീ അവയെ നിന്റെ മക്കൾക്കു ഉപദേശിച്ചു കൊടുക്കുകയും നീ വീട്ടിൽ ഇരിക്കുമ്പോഴും വഴി നടക്കുമ്പോഴും കിടക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവയെക്കുറിച്ച് സംസാരിക്കയും വേണം. അവയെ അടയാളമായി നിന്റെ കൈമേൽ കെട്ടേണം. അവ നിന്റെ കണ്ണുകൾക്കു മദ്ധ്യേ പട്ടമായി ഇരിക്കേണം " (ആവർ.ത്തനം 6:5-9)*

*2017-ാം വർഷത്തിന്റെ ജൂലൈ മാസം നമ്മെ വിട്ട് കടന്നുപോയി. ഓഗസ്റ്റ് മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.*

*ഇന്ന് ലോകം പാപത്തിൽ മുഴുകി അസാമാധാനത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. മരണത്തെ ജയിച്ച് സകലത്തിന്മേലും അധികാരം പ്രാപിച്ച ക്രിസ്തുവിൽ നാം ആയിരിക്കുന്നുവെങ്കിൽ ഈ ലോകത്തിലെ യാതൊന്നിനും നമ്മെ പരാജയപ്പെടുത്തുവാൻ കഴിയുകയില്ല. ഈ ലോകജീവിതത്തിന്റെ അന്ത്യനിമിഷംവരെ ദൈവവചനാനുസരണം പിതാവിനെ പൂർണ്ണമായി അനുസരിക്കുമ്പോൾ മാത്രമേ കർത്താവ് നമുക്കായി ഒരുക്കുന്ന ഭവനത്തിൽ എത്തിച്ചേരുവാൻ സാദ്ധ്യമാകു. ലോകത്തിൽ ഒരു ശക്തിക്കും കർത്താവായ യേശുവുമായുള്ള നമ്മുടെ ബന്ധം നശിപ്പിക്കാൻ കഴിയാതിരിക്കട്ടെ. " ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകും ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും നിലനിൽക്കും " എന്ന നമ്മുടെ കർത്താവിന്റെ വാക്കുകൾക്ക് അനുസൃതമായി മാത്രം ജീവിക്കുവാൻ നമുക്കു തീരുമാനിക്കാം.*

*മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ* ***IFSC code SBIN 0070028 A/c. No. 67342839891*** *സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ തിരുവനന്തപുരം എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.*

*എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.*

*മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴിയെ അറിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.*

*എന്ന് ക്രിസ്തുവിൽ എളിയ സഹോദരി*
*ബിന്ദു.എം.*


# ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:8589901702

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: 9446590913, 9809882926
കരിത്തലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
**E-mail:bindhum1971@yahoo.in**
മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക


മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

# സുവിശേഷീകരണം അതിന്റെ ഉദ്ദേശ ലക്ഷ്യങ്ങളോടുകൂടെ

By Morris Chalfant

മനുഷ്യന്റെ വീഴ്ചയെ സംബന്ധിച്ച് അവന്റെ ദാരുണമായ അവസ്ഥയെക്കുറിച്ച് ദൈവത്തിന് ബോദ്ധ്യമുണ്ടായിരുന്നു. അതുകൊണ്ട് ദൈവം മനുഷ്യകുലത്തെ സ്നേഹിച്ച് അവനെ രക്ഷിക്കുവാനുള്ള പദ്ധതിയൊരുക്കി. ദൈവത്തിന്റെ ആ പദ്ധതി മനുഷ്യന്റെ പരാജയങ്ങളെയും നിരാശകളെയും ഇല്ലാതാക്കുന്നു. വെറുപ്പ്, മുൻവിധി, സംശയം, മരണം തുടങ്ങിയ എല്ലാറ്റെയും അത് പരാജയപ്പെടുത്തുന്നു.

“ക്രിസ്തുവിനെ ധരിക്കുക” (ഗലാ.3:27). എന്നാൽ ക്രിസ്തുവിന്റെ സ്വഭാവത്തെ ധരിക്ക എന്നാണർത്ഥം. എന്നു പറഞ്ഞാൽ നഷ്ടപ്പെട്ടവരോടുള്ള ക്രിസ്തുവിന്റെ മനസലിവ്, ദയ, കരുതൽ തുടങ്ങിയ സ്വഭാവവിശേഷങ്ങൾ നമ്മിലുണ്ടാകണം എന്നാണ്.

ദൈവത്തിന്റെ ആ ചിന്തയും സ്വഭാവവും നമ്മിൽ ഉണ്ടോ എന്ന് നമ്മെ പരിശോധിച്ച് ഉറപ്പുവരുത്തേണം. എത്ര കാലമായി ആ ചിന്ത നമ്മെ ഭരിക്കുന്നു എന്ന് നമ്മെ പരിശോധിക്കേണം. സഭയുടെ ആത്മിക ആവശ്യങ്ങളിൽ നാം ബോധവാൻമാരാണോ?, അതിനുവേണ്ടി നാം പ്രാർത്ഥിക്കുന്നുണ്ടോ, ആ ആത്മഭാരം തുടർച്ചയായി നമ്മിലുണ്ടോ എന്ന് പരിശോധിക്കേണം.

യേശുവിന്റെ ആഴമായ ഹൃദയാംഗമായ, ത്യാഗോജ്ജ്വലമായി മനുഷ്യനുവേണ്ടിയുള്ള സ്നേഹം മനുഷ്യകുലത്തെ ദൈവത്തോടടുപ്പിക്കുന്നു. നമ്മോടുള്ള ആ സ്നേഹവും മഹാദയയും കരുണയും നമ്മെ അവിടുത്തെ സാക്ഷികളാക്കിത്തീർക്കുന്നു. ഓരോ വ്യക്തിയും ആ സ്നേഹത്തിന്റെ ഭാഷയെ മനസിലാക്കുന്നു. അങ്ങനെ വിശ്വസിക്കയും ആ വിശ്വാസത്തിനു വേണ്ടി അഥവാ മനുഷ്യകുലത്തെ ദൈവത്തോടടുപ്പിക്കുന്ന ആ ദൈവത്തിന്റെ പദ്ധതിയിൽ ആവശ്യമായ ആധുനിക സംവിധാനങ്ങൾ മുഴുവൻ ഉപയോഗിക്കുമ്പോഴും ഉത്സാഹത്തോടെ വേലചെയ്യുമ്പോഴും ഈ വഴിയിൽ തടസ്സങ്ങൾ വളരെയാണ്. എന്നാൽ ഇത് ദൈവത്തിന്റെ പദ്ധതിയാണ്, ആത്മീയ യാഥാർത്ഥ്യമാണ്. നിത്യമായ ആവശ്യമാണ്. അത് നമ്മുടെ ഹൃദയങ്ങളെ സന്തോഷിപ്പിക്കുന്നു.

എല്ലാ ധാർമ്മിക മൂല്യങ്ങളും പരാജയപ്പെട്ട പാപവും അതിന്റെ പ്രവൃത്തികളും കൊടുകുത്തി വീണ ഒരു കാലഘട്ടത്തിലാണ് ദൈവസഭ സ്ഥാപിതമായത്. ആ കാലത്ത് സഭയിൽ വന്ന അംഗങ്ങൾക്ക് സാമ്പത്തികമില്ല, സമൂഹത്തിൽ സ്ഥാനമാനങ്ങളില്ല, സുവിശേഷവേലയിൽ സഹായിക്കാൻ സ്ഥാപനങ്ങളില്ല. ഇന്നത്തെ പദവികളോ സംവിധാനങ്ങളോ ഒന്നുമില്ല. എന്നാൽ ആത്മാക്കളെക്കുറിച്ചുള്ള ഭാരവും അവർ രക്ഷിക്കപ്പെടും എന്ന ഉൾക്കാഴ്ചയും അവർക്കുണ്ടായിരുന്നു.

ആത്മാക്കളെ ദൈവഭക്തന്മാരുടെ ജീവിതത്തെയും അവർ മാതൃകയാക്കിയ ജീവിതവഴികളും വളരെ ഉത്തേജനപ്രദങ്ങളാണ്.

“ നിങ്ങൾ വീണ്ടും ജനിക്കണം” എന്ന് ജോർജ് വൈറ്റ് ഫീൽഡ് പ്രസംഗിച്ചപ്പോൾ ആളുകൾ തന്നെ വിമർശിച്ച് കളിയാക്കി. വീണ്ടും വീണ്ടും മാനസാന്തരപ്പെടണം വീണ്ടും ജനിക്കേണം എന്ന് പ്രസംഗിക്കുന്നത് എന്ത് എന്ന് ചോദിച്ചപ്പോൾ വൈറ്റ് ഫീൽഡിന്റെ മറുപടി നിങ്ങൾ വീണ്ടും ജനിക്കേണ്ടത് ആവശ്യമാണ് എന്നതിനാലാണ്.

“ ജോനാഥാൻ എഡ്വേർഡ് ആവർത്തിച്ച് പ്രസംഗിച്ചത് ദൈവത്തിന്റെ ന്യായവിധിയെക്കുറിച്ചാണ്”. ബില്ലി സണ്ടേ, എന്ന ദൈവദാസൻ പ്രസംഗിച്ചത്, പാപത്തിന്റെ കാഠിന്യത്തെക്കുറിച്ചാണ്. “ജിപ്സിസ്മിത്തിന്റെ പ്രസംഗം യേശുവിന്റെ സൗന്ദര്യത്തെക്കുറിച്ചാണ്”.

ശേഷം 4-ാം പേജിൽ

## രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

| | |
|---|---|
| അംഗീകരിക്കുക | *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)* |
| പശ്ചാത്തപിക്കുക | *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)* |
| ഏറ്റുപറയുക | *നമ്മടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)* |
| ഉപേക്ഷിക്കുക | *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.* |
| ശുദ്ധീകരിപ്പെടുക | *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).* |
| വിശ്വസിക്കുക | *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:10)* |
| സമർപ്പിക്കുക | *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)* |
| പ്രാപിച്ചെടുക്കുക | *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)* |

3-ാം പേജിന്റെ തുടർച്ച

അഥവാ തന്റെ മഹത്വത്തെക്കുറിച്ചാണ്. എ.ബി.സിംപ്സൺ എന്ന ദൈവഭക്തന്റെ ചിന്തമുഴുവൻ ലോകസുവിശേഷീകരണത്തെക്കുറിച്ചാണ്.

ഡി.എൽ.മൂഡി തന്റെ സഭയിൽ ദൈവസ്നേഹത്തെക്കുറിച്ചാണ് ആവർത്തിച്ച് പ്രസംഗിക്കുന്നത്. ദൈവസ്നേഹത്തെക്കുറിച്ചുള്ള തന്റെ പഠനങ്ങളും പ്രസംഗങ്ങളും വളരെ പ്രയോജനമുണ്ടാക്കി. താൻ ഇങ്ങനെ പറഞ്ഞു. സ്നേഹിക്കുന്ന ആളിനെ സഹായിക്കാൻ എനിക്കു കഴികയില്ല. ദൈവസ്നേഹത്തിന്റെ ഒരു പ്രസംഗം ആളുകളെ രൂപാന്തരപ്പെടുത്തും. ആളുകളുടെ കണ്ണിൽ നിന്നും കണ്ണീരിന്റെ അരുവികൾ ഒഴുകും.

എന്നാൽ ഇവർ എല്ലാവരിലും ഒരു ആത്മഭാരം ഉണ്ടായിരുന്നു. അവരുടെ മുഴുവൻ ആഗ്രഹവും ആളുകൾ മാനസാന്തരപ്പെട്ട ദൈവത്തെ അറിയണം എന്നാണ്.

മിക്ക വിശ്വാസികളും ആ ആത്മഭാരമുള്ളവരാണ്. പ്രസംഗം ശരിയെങ്കിൽ, ആത്മാക്കൾക്കായുള്ള ദാഹം ഉണ്ടെങ്കിൽ നമ്മുടെ ഉത്തരവാദിത്വത്തെക്കുറിച്ചുള്ള ബോധത്തോടെ പ്രവർത്തിക്കുന്നു. എങ്കിൽ നഷ്ടപ്പെട്ട ആത്മാക്കളെ നാം ദൈവത്തിനായി നേടും.

ആത്മഭാരമുള്ളവനായി പൗലൊസ് പറയുന്നത് "ഞാൻ ക്രിസ്തുവിൽ സത്യം പറയുന്നു; ഞാൻ പറയുന്നതു ഭോഷ്ക്കല്ല; എനിക്ക് വലിയ ദുഃഖവും ഹൃദയത്തിൽ ഇടവിടാതെ നോവും ഉണ്ട് എന്ന് എന്റെ മനസാക്ഷി എനിക്ക് പരിശുദ്ധാത്മാവിൽ സാക്ഷിയായിരിക്കുന്നു. ജഡപ്രകാരം എന്റെ ചാർച്ചക്കാരനായ എന്റെ സഹോദരന്മാർക്കുവേണ്ടി, ഞാൻ തന്നെ ക്രിസ്തുവിനോടും വേർവിട്ടു ശാപഗ്രസ്ഥനാവാൻ ഞാൻ ആഗ്രഹിക്കാമായിരുന്നു" (റോമർ 9:1-3).

ഒരു യഥാർത്ഥ സുവിശേഷകൻ ലക്ഷ്യമിടുന്നത് തന്റെ സഭയിൽ ആളു ചേർക്കാനല്ല, പിന്നെയോ ദൈവരാജ്യത്തിന്റെ അംഗമാക്കി തീർക്കുവാനാണ്. ദൈവം അയയ്ക്കുന്ന ഒരു ഉണർവ്വ് അവരിലുണ്ടാകണം. ആളുകൾ പള്ളിയിൽ വരുന്നില്ലല്ലോ എന്ന ചിന്തയല്ല, പ്രത്യുത, ഓരോ മിനിറ്റിലും ആയിരങ്ങൾ നരകത്തിലേക്കാണല്ലോ പൊയ്ക്കൊണ്ടിരിക്കുന്നത് എന്ന ചിന്തയാണുണ്ടായിരിക്കേണ്ടത്.

ഇന്നത്തെ സുവിശേഷീകരണത്തിന് എന്താണ് അപാകത എന്ന് ചോദിക്കേണ്ടതിന് പകരം നാം നമ്മോട് തന്നെ ചോദിക്കേണ്ടത്. നമുക്ക് എന്ത് പറ്റിയിരിക്കുന്നു? എന്നാണ്. കാരണം, എവിടെയാണ് ആത്മഭാരം? എവിടെയാണ് ആത്മാക്കളെക്കുറിച്ചുള്ള വേദന? സുവിശേഷീകരണത്തിനായുള്ള ദാഹവും, പ്രതീക്ഷയും, നമ്മുടെ ആത്മീയ ജീവിതത്തെ സന്തോഷപ്രദവും വളരുന്നതും, ശക്തിയേറിയതുമായ അനുഭവാക്കിമാറ്റുന്നു. നമ്മുടെ ഉണർവ്വുയോഗങ്ങളിൽ മാത്രമല്ല സഭകളിൽ തുടർച്ചയായ ആരാധനകളിലെല്ലാം ആ അനുഭവങ്ങൾ ഉണ്ടാകേണ്ടതാണ്.

സുവിശേഷീകരണത്തിന്റെ ആത്മാവ് എന്നത് നമ്മിൽ ഉരുത്തിരിയുന്ന പദ്ധതികളല്ല. സുവിശേഷീകരണത്തിന്റെ പ്രതീക്ഷകൾ ആളുകളെയല്ല ആശ്രയിച്ചിരിക്കുന്നത്, നഷ്ടപ്പെട്ടവരോടു കാണിക്കുന്ന സ്നേഹം, നിർബ്ബന്ധത്താൽ വരുന്നതല്ല. ആത്മഭാരം ആരെങ്കിലും പറഞ്ഞിട്ടോ ഇവിടെയുള്ള കാര്യപരിപാടികളിൽ നിന്നോ ഉണ്ടാകുന്നതല്ല.

സുവിശേഷീകരണത്തിലുള്ള താല്പര്യവും ആവേശവും ആത്മാക്കളോടുള്ള നമ്മുടെ മനോഭാവനത്തിനനുസരിച്ചാണ് ഉണ്ടാകുന്നത്. സുവിശേഷീകരണം പരപ്രേരണയാലാണെങ്കിൽ സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങളും കൂടുന്നു.

സുവിശേഷീകരണം, ആത്മഭാരത്താലാകുമ്പോൾ സാക്ഷീക്കുവാനുള്ള ആവേശവും താല്പര്യവും കൂടുന്നു. അത് ഒരു ആഴമായ ആത്മീയ അനുഭവമായി മാറുന്നു.

സദൃശവാക്യം 29:18-ൽ വായിക്കുന്നത്. "വെളിപ്പാട് ഇല്ലാത്തേടത്ത് ജനം മര്യാദവിട്ട് നടക്കുന്നു. ശരിയായ വെളിപ്പാട് നമ്മിൽ ആത്മഭാരമുണ്ടാക്കുന്നു. ആത്മാക്കളെക്കുറിച്ചുള്ള ഭാരവും കാഴ്ചപ്പാടുമില്ലെങ്കിൽ നാം ചെയ്യുന്ന പ്രവൃത്തിയെ സംബന്ധിച്ചും ശരിയായ ഒരു ദർശനം നമുക്കുണ്ടാകയില്ല. പ്രാർത്ഥനയാലാണ് ആത്മഭാരം ഉണ്ടാകുന്നത്.

ലോകത്തെ എങ്ങനെ ദൈവത്തിനായി നേടുവാൻ കഴിയും? യേശു പറഞ്ഞു. "നിങ്ങൾ ഭൂലോകത്തൊക്കെയും പോകണം". എവിടെ പോകണം? ഭൂമിയുടെ അറ്റത്തോളം പോകണം. അതിന്റെ അർത്ഥം; അടുത്ത വീട്ടിൽ അടുത്ത ഗ്രാമത്തിൽ അടുത്ത ദേശങ്ങളിൽ, അടുത്ത രാജ്യങ്ങളിൽ- അങ്ങനെ ഭൂമിയുടെ അറ്റത്തോളം ഓരോ വ്യക്തയോടും യേശുവിനെക്കുറിച്ച് സംസാരിക്കേണം.

ആത്മഭാരം, അത് ഒരു ആവശ്യമാണ്. ശുശ്രൂഷകൾ, ശുശ്രൂഷകന്മാർ എന്ന നിലയിൽ നമുക്ക് ആ ആത്മഭാരം അത്യാവശ്യമാണ്. ഉയരത്തിൽ നിന്നുള്ള ശരിയായ ദർശനം നമുക്കാവശ്യമാണ്.

ആദിമസഭയ്ക്ക് ആ ആത്മഭാരമുണ്ടായിരുന്നു. ചിതറിപ്പോയവർ വചനം സുവിശേഷിച്ചുംകൊണ്ട് അവിടവിടെ സഞ്ചരിച്ചു. ഇന്നത്തെ ക്രിസ്ത്യാനികൾ ചിതറിപ്പോയാൽ എന്താണ് സംഭവിക്കുന്നത്? വിശ്വാസത്യാഗം ആയിരിക്കയല്ലേ ഫലം? എന്നാൽ അവർ ആത്മ ഭാരമുള്ളവരായിരുന്നു. വെളിപ്പാടുള്ളവരായിരുന്നു. ദർശനമുള്ളവരായിരുന്നു. അവരെക്കുറിച്ച് ഇങ്ങനെ പറയുന്നു. "നിന്റെ ആലയത്തെക്കുറിച്ചുള്ള എരിവ് എന്നെ തിന്നുകളയുന്നു"(യോഹ. 2:17).

നഷ്ടപ്പെട്ടുപോകുന്ന സ്ത്രീ പുരുഷന്മാരെക്കുറിച്ചും കുഞ്ഞുങ്ങളെക്കുറിച്ചുമുള്ള ഒരു കത്തുന്ന ആത്മഭാരം ദൈവം നമുക്കു നൽകട്ടെ. ❖

**"നിങ്ങളിൽ കഷ്ടം അനുഭവിക്കുന്നവൻ പ്രാർത്ഥിക്കട്ടെ. സുഖം അനുഭവിക്കുന്നവൻ പാട്ടുപാടട്ടെ. നിങ്ങളിൽ ദീനമായി കിടക്കുന്നവൻ സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണപൂശി അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും. കർത്താവ് അവനെ എഴുന്നേല്പിക്കും".**

**(യാക്കോ. 5:12-15)** ❖

(1-ാം പേജിന്റെ തുടർച്ച )

## പൂർണ്ണമായി ദൈവത്തിന് അർപ്പിക്കപ്പെട്ട ഒരു ഹൃദയം

മുഴങ്കാലിൽ നിന്നു. എന്നിട്ട് സന്തോഷത്തോടെ തുള്ളിച്ചാടി. തന്റെ സ്നേഹിതനോട് പറഞ്ഞത്. “നാം സ്വർഗ്ഗത്തിനും നരകത്തിന്റെയും മദ്ധ്യേയുള്ള പോരാട്ടത്തിലാണ്.”

അതിന്റെ ശേഷം ഒരുവൻ തന്നെത്താൻ സമർപ്പിച്ചു. മറ്റെയാൾ ക്രൂശിലെ ക്ഷമിക്കപ്പെടാത്ത കള്ളനെപ്പോലെ തന്റെ വഴിക്കുപോയി. എന്നാൽ മെയറിന് വിശ്വസിക്കാൻ കഴിയാത്ത നിലയിൽ ഒരു ദിവസം അവൻ മടങ്ങി വന്നു.

വെൽഷ് ഉണർവിൽ ഇങ്ങനെ സംഭവിച്ചു എങ്കിൽ ഇന്നും അങ്ങനെ ചെയ്യുന്നവനാണ് നമ്മുടെ ദൈവം.

നൂറുകണക്കിനാളുകളെ ദൈവത്തിങ്കലേക്കു നടത്തിയ മെഥഡിസ്റ്റ് കാരനായ സുവിശേഷകൻ ജോൺ വെസ്ലി റെഡ്ഫീൽഡിന്റെ ചരിത്രം പരിശോധിച്ചാൽ ആ കാലത്ത് ആത്മാക്കളെക്കുറിച്ചുള്ള ഭാരം ജനത്തിന്റെയിടലുണ്ടായിരുന്നു. ഇന്നും ചിലരിൽ ആ അനുഭവം നിലനിൽക്കുന്നു. രണ്ടു അനുഭവങ്ങൾ നമുക്കു നോക്കാം.

“റഡ്ഫീൽഡ് ” തന്റെ ശുശ്രൂഷയിൽ ഉണ്ടായ അനുഭവങ്ങളെക്കുറിച്ച് പറയുന്നുണ്ട്. അദ്ദേഹം വളരെ ആത്മഭാരമുള്ള ആളായിരുന്നു. അദ്ദേഹം തന്റെ ശുശ്രൂഷയിലുണ്ടായ ചില സംഭവങ്ങളെ പറയുവാനിടയായി. തന്റെ ജീവിതത്തിൽ ചില സന്ദർഭങ്ങളിൽ കഠിനമായ പ്രശ്നങ്ങളെ നേരിട്ടു, ചില സന്ദർഭങ്ങളിൽ രോഗിയായി കിടക്കയിലായി. എന്നാൽ അപ്പോഴൊക്കെയും ഒരു വിടുതലിനായി കാത്തിരുന്നു. ഒരു രാത്രി താൻ സഭയിൽ ആയിരിക്കുമ്പോൾ ആത്മാക്കളെക്കുറിച്ചുള്ള ആഴമായ ആത്മഭാരമുണ്ടായി. പലപ്പോഴും അങ്ങനെയുണ്ടായിട്ടുണ്ടെങ്കിലും ശുശ്രൂഷ കഴിയുമ്പോൾ അത് മാറിക്കിട്ടും. എന്നാൽ ഇപ്രാവശ്യം അതൊരു തീവ്രമായ വേദനയായി മാറി. സഹിക്കുവാൻ കഴിയാത്ത ഒരു വേദനയായി മാറി. താൻ പള്ളിയിൽ നിന്നും പുറത്ത് ഇറങ്ങി നടക്കുവാനാഗ്രഹിച്ചു. എന്നാൽ പരിശുദ്ധാത്മാവ് വിലക്കി. എന്നാൽ താൻ ഉറക്കെക്കരയുവാൻ തുടങ്ങി. എന്നാൽ ദൈവം തന്നെ ആശ്വസിപ്പിച്ചു. ദൈവം ഒരു ഉണർവ്വ് അയച്ചു. നൂറുക്കണക്കിനാളുകൾ കൂടിവരാനിടയായി. വർഷങ്ങൾക്കുശേഷവും ആ ഉണർവിന്റെ ഫലങ്ങൾ സഭയിൽ നിന്ന് ദൈവത്തെ മഹത്വപ്പെടുത്തിപ്പോരുന്നു.

ഫിന്നി എന്ന ദൈവദാസൻ തന്റെ കാലത്തുണ്ടായ ഉണർവ്വിനെക്കുറിച്ചു പറയുന്നത് ഒരു വചനഭാഗം ഉദ്ധരിച്ചുകൊണ്ടാണ്. “ ഈ വക ആർ കേട്ടിട്ടുള്ളൂ? ഇങ്ങനെയുള്ളത് ആർ കണ്ടിട്ടുള്ളൂ? ഒരു ദേശം ഒരു ദിവസം കൊണ്ടു പിറക്കുമോ? ഒരു ജാതി ഒന്നായിട്ട് തന്നെ ജനിക്കുമോ? സീയോനോ, നോവു കിട്ടിയ ഉടൻ തന്നെ മക്കളെ പ്രസവിച്ചിരിക്കുന്നു ” (യെശ. 66:8).

ഫിന്നി പറയുന്നത്, എനിക്ക് പതിവിൽ കവിഞ്ഞ, സഹിക്കാൻ കഴിയാത്ത ആത്മഭാരമുണ്ടായി. ഞാൻ എന്റെ മുറിയിലേക്കു വന്നു. ഭാരം എന്റെ മനസിലുണ്ടായിട്ട് ഉച്ചരിക്കാൻ കഴിയാതെ ഞാൻ നെടുവീർപ്പിലും ഞരക്കത്തിലും കണ്ണുനീരിലും ആയിത്തീർന്നു. റോമർ. 8:26-ൽ കാണുന്നവണ്ണം ഉച്ചരിച്ചുകൂടാത്ത ഞരക്കം എന്റെ ജീവിതത്തിലുണ്ടായി ”.

### മുഴുരാത്രി പ്രാർത്ഥനകൾ

ആ ദിവസങ്ങളിൽ ധാരാളം ആളുകൾ നഷ്ടപ്പെട്ടവരെക്കുറിച്ചുള്ള ആത്മഭാരത്തിലായി. ആളകുൾ വന്ന് രാത്രി മുഴുവൻ പ്രാർത്ഥിച്ചു. സാധാരണ പ്രാർത്ഥനായോഗങ്ങളായിരുന്നില്ല അവ, സാധാരണ ആരാധനയുടെ മണ്ഡലം വിട്ട് ആത്മാവിനാൽ നിയന്ത്രിക്കപ്പെടുന്ന കൂടിവരവുകളായിത്തീർ ന്നു.

ആ ദിവസങ്ങളിലെ ആരാധനകളിലൊന്നിൽ പ്രാസംഗികൻ തന്റെ പ്രസംഗത്തിന്റെ മദ്ധ്യത്തിൽ പ്രസംഗം നിർത്തിയിട്ട് “ ഡൊണാൾഡ് ” എന്ന ദൈവഭക്തനോട് പ്രാർത്ഥന നയിക്കുവാനാവശ്യപ്പെട്ടു. അദ്ദേഹം അഞ്ചുമിനിട്ട് മാത്രം പ്രാർത്ഥന നയിക്കുമ്പോൾ ആ പ്രാർത്ഥനായോഗത്തെ പരിശുദ്ധാത്മാവ് നേരിട്ട് നയിക്കാൻ തുടങ്ങി.......

പ്രത്യേകമായ അനുഭവങ്ങൾ ആ മഹായോഗത്തിലുണ്ടായി. മീൻപിടുത്തക്കാർ ബോട്ടുകളിൽ നിന്നും പുറത്തുവന്നു. നെയ്ത്തു ശാലകളിൽ നിന്നും ആളുകൾ വന്നു, ഖനികളിൽ ജോലിചെയ്യുന്നവർ വന്നു, കച്ചവടക്കാരും സ്കൂളിലെ അദ്ധ്യാപകരും വന്ന് പ്രാർത്ഥിക്കാൻ തുടങ്ങി. അവർ ദൈവത്തെ അന്വേഷിച്ചു കരഞ്ഞു. അവർ പലരും സമീപവാസികളായിരുന്നില്ല. ഞാൻ ദേശത്ത് സഞ്ചരിക്കുമ്പോൾ ഒരു ദിവസം വഴിയരികിൽ മൂന്നുപേർ റോഡിൽ വീണു കിടന്ന് കരഞ്ഞു പ്രാർത്ഥിക്കുന്നു. തങ്ങളുടെ അന്തരാത്മാവിൽ ഭാരപ്പെട്ട് കരഞ്ഞു. എന്നോട് സംസാരിപ്പാൻ അവർക്കു കഴിഞ്ഞില്ല. അവരും എന്റെ സമീപവാസികളായിരുന്നില്ല. ഇതാണ് ഉണർവ്വ്!

### പ്രാർത്ഥനയിലൂടെയുള്ള മൽപിടുത്തത്തിന്റെ ഒരു വർഷം

ആത്മഭാരത്തോടെ പോരാടി പ്രാർത്ഥിക്കുന്നതിന്റെ ശരിയായ രൂപം മനസിലാക്കണമെങ്കിൽ, നാലു മുഴുരാത്രി പ്രാർത്ഥന കഴിഞ്ഞപ്പോൾ ഒരു വർഷം കഴിയുന്നതിനു മുമ്പ് മറുപടി വന്നു. ആത്മഭാരത്തോടെ പോരാടി പ്രാർത്ഥിച്ചാൽ നാം കിടക്കയിലേക്ക് പോകുന്നതിന് മുമ്പ് അല്ലെങ്കിൽ പ്രാർത്ഥന കഴിഞ്ഞ് നാം ഒരു വഴിക്ക് പോകുന്നതിന് മുമ്പ് മറുപടി ലഭിച്ചിരിക്കും.

ആത്മഭാരത്തോടെ പോരാടി പ്രാർത്ഥിക്കുക എന്നു പറഞ്ഞാൽ കർത്താവിന്റെ പദാപീഠത്തിൽ ഏല്പിച്ച് മറുപടി വരുന്നതുവരെയും പ്രത്യാശയോടെ കാത്തിരിക്കുന്നതുമാണ്, അപ്രകാരമുള്ള പോരാട്ടത്തിൽ കരഞ്ഞപേക്ഷിക്കൽ, യാചന, അവകാശം പറഞ്ഞു പ്രാർത്ഥന, വേദനയും മധുരവും, സംരക്ഷണം, തുടർച്ചയായ അന്വേഷണം ലഭിക്കുവോളം മുട്ടുകയും ചോദിക്കുകയും ചെയ്യുന്ന അനുഭവം എന്നീ കാര്യങ്ങളുണ്ട്. നഷ്ടപ്പെട്ടിരിക്കുന്ന മക്കൾക്കുവേണ്ടി മതാപിതാക്കൾ അങ്ങനെ ചെയ്യുന്നുണ്ടോ?

നഷ്ടപ്പെട്ട ആത്മാക്കൾക്കുവേണ്ടിയുള്ള ആത്മഭാരം നമുക്കു കുറഞ്ഞിരിക്കുന്നു എങ്കിൽ വേഗം നാം ഏറ്റു പറഞ്ഞു കർത്താവിനോടു പ്രാർത്ഥിക്കേണം. ക്രിസ്തുവിനെ കൂടാതെ നിത്യനാശത്തിലേക്കു പോകുന്നവന്റെ വീഴ്ചയുടെ ശബ്ദവും നാശത്തിലേയ്ക്ക് പോകുന്ന കാലൊച്ചയും ഞെട്ടലോടെ കേട്ട് എങ്ങനെയും അവനെ അതിൽ നിന്നും രക്ഷപ്പെടുത്തി ദൈവത്തോടടുപ്പിക്കുവാൻ ആത്മ

(ശേഷം 8-ാംപേജിൽ)

( 2-ാം പേജിന്റെ തുടർച്ച)

## നിങ്ങളുടെ ആദ്യ സ്നേഹം വിട്ടുകളഞ്ഞുവോ?

ങ്ങളോ ഒഴിഞ്ഞു പോകയില്ല. ദൈവം നിത്യനാകയാൽ തന്റെ വചനങ്ങളും നിത്യമാണ്.

നിത്യതയെ സംബന്ധിച്ച ചില പ്രസ്താവനകൾ ദാനി. 12:1-3 വേദഭാഗങ്ങളിൽ കാണുന്നു. അത് നമ്മെക്കുറിച്ചുള്ള നമ്മുടെ ഭാവിയെക്കുറിച്ചുള്ള ഒരു ഉൾക്കാഴ്ച നമുക്കു തരുന്നു.“ “ നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവനായും ചിലർ ലജ്ജ ക്കും ചിലർ നിത്യനിന്ദയ്ക്കുമായി ഉണരും. ഈ വേദഭാഗത്തിൽ നിന്നും മൂന്ന് കാര്യങ്ങൾ നമുക്കു മനസ്സിലാക്കാം. 1) എല്ലാ മനുഷ്യരും നിത്യജീവികളാണ്. 2) എല്ലാ മനുഷ്യരും ഉയിർത്തെഴുന്നേൽക്കും. 3) എല്ലാടത്തുമുള്ള എല്ലാവരും ആദിമുതലുള്ള സകല മനുഷ്യരും ഒന്നുകിൽ നിത്യജീവൻ അല്ലെങ്കിൽ നിത്യന്യായവിധി അനുഭവിക്കും.

ഇവിടെയുള്ള ചോദ്യം മരണാനാന്തരം ഒരു ജീവിതമുണ്ടോ? മനുഷ്യന് ദൈവത്തിന്റെ നിത്യജീവനായ നിത്യജീവൻ പ്രാപിക്കാൻ കഴിയുമോ?

## നരകത്തിന്റെ ഭയങ്കരത

ദൈവത്തിന്റെ പരിശുദ്ധാത്മാവാണ് ഈ ഭയങ്കരത വെളിപ്പെടുത്തുന്നത്. “ആ നാളിൽ അവൻ തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടേണ്ടതിനും ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ വിശ്വസിച്ചതു പോലെ വിശ്വസിച്ച് എല്ലാവരിലും താൻ അതിശയവിഷയം ആകേണ്ടതിനും വരുമ്പോൾ സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്വവും വിട്ടകന്ന് നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും (2തെസ്സ. 1:9,10).

വെളിപ്പാടുപുസ്തകം പറയുന്നത്, അവരുടെ ദണ്ഡനത്തിന്റെ പുക എന്നെന്നേയ്ക്കും പൊങ്ങും; മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്ക്കരിക്കുന്നവർക്കും അതിന്റെ പേരിന്റെ മുദ്ര ഏല്ക്കുന്ന ഏവനും രാവും പകലും ഒരു സ്വസ്ഥതയും ഉണ്ടാകയില്ല ”(വെളി. 14:11).

“അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേയ്ക്ക് തള്ളിയിടും; അവർ എന്നെന്നേയ്ക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടിവരും. മരണത്തേയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു. ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം. ജീവപുസ്തകത്തിൽ പേരെഴിതിക്കാണാത്ത ഏവനേയും തീപ്പൊയ്കയിൽ തള്ളിയിടും. ”(വെളി. 20:10,14,15).

ഈ വാക്യങ്ങളെല്ലാം അനുതപിക്കാത്തവർക്കുള്ള മുന്നറിയിപ്പുകളാണ്. “ യേശു പറഞ്ഞു. അല്ലല്ല മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നേ നശിച്ചുപോകും” (ലൂക്കൊ. 13:5). ഇത് കർത്താവിന്റെ വാക്കുകളാണ്. ഇത് ദൈവവചനം വിശ്വസിക്കാത്തവർക്കുള്ള വിധിയാണ്.

യെശയ്യാപ്രവാചകൻ തന്റെ പുസ്തകത്തിന്റെ ഒടുവിലത്തെ ഭാഗത്ത് പറയുന്നത് “അവർ പുറപ്പെട്ടു ചെന്ന്, എന്നോടു അതിക്രമം ചെയ്ത മനുഷ്യരുടെ ശവങ്ങളെ നോ ക്കും; അവരുടെ പുഴു ചാകയില്ല; അവരുടെ തീ കെട്ടുപോകയില്ല; അവർ സകല ജഡത്തിനും അറപ്പായിരിക്കും (യെശ. 66:24).

## ക്രിസ്തുവിന്റെ നിസ്തുല്യത

ഇന്ന് സാധാരണയായി പറഞ്ഞു കേൾക്കുന്ന ഒരു ശബ്ദം, ഒരു നല്ല മനസും കുറെ നല്ല കാര്യങ്ങളും ഉണ്ടെങ്കിൽ സ്വർഗ്ഗത്തിൽ പോകാൻ അത് ധാരാളം മതി എന്നാണ്. ദൈവം കള്ളം പറയുന്നില്ല, വഞ്ചിക്കുന്നവനുമല്ല. എന്നാൽ ദൈവത്തിന് പറയാനുള്ളത് അല്പം വ്യത്യാസമായിട്ടാണ്, “ഞാൻ ഞാൻ തന്നെ യഹോവ; ഞാനല്ലാതെ ഒരു രക്ഷിതാവുമില്ല” (യെശ. 43:11).

ഒരു സംശയത്തിനും ഇടയുണ്ടാകാതെ വളരെ വ്യക്തമായിട്ടാണ് കർത്താവു പറയുന്നത്. “ഞാൻ തന്നേ വഴിയും സത്യവും ജീവനുമാകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല ” (യോഹ. 14:6). അപ്പോസ്തലന്മാരും ശക്തമായി പ്രഖ്യാപിക്കുന്നത് “മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവുമില്ല ” (അ.പ്ര4:12). വീണ്ടും അപ്പോസ്തലനായ പൗലൊസ് പറയുന്നത് “ദൈവം ഒരുവൻ; ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ മദ്ധ്യസ്ഥനും ഒരുവൻ” (1 തിമൊ. 2:5).

ഈ വചനങ്ങളെ നാം വിശ്വസിക്കുന്നു എങ്കിൽ പാപികളുടെ അവസാനത്തെക്കുറിച്ച് നമുക്ക് യാതൊരു സംശയവുമുണ്ടാകയില്ല. നല്ലവനായി നമ്മുടെ അയൽക്കാരനും അവൻ രക്ഷിക്കപ്പെട്ടിട്ടില്ലെങ്കിൽ അവന്റെ അന്ത്യവും നിത്യനാശമത്രെ. അതുകൊണ്ട് ഏകരക്ഷകനേയുള്ളൂ. ദൈവത്തിന്റെ വിശുദ്ധനഗരത്തിലേയ്ക്ക് ക്രിസ്തുവാകുന്ന ഏക വഴിയേയുള്ളൂ. ആ വഴി ഇടുക്കമുള്ള വഴിയാണ്.

## നിർബ്ബന്ധിക്കുന്ന ക്രിസ്തുവിൽ സ്നേഹം

സ്നേഹത്തെ സംബന്ധിച്ച് അപ്പോസ്തലനായ പൗലൊസ് 1കൊരി. 13-ാം അദ്ധ്യായത്തിൽ വിശദമായി സംസാരിക്കുന്നു. അനേക കാര്യങ്ങൾ പറയുന്നതിൽ ഒരു കാര്യം “ സ്നേഹം സ്വാർത്ഥത അന്വേഷിക്കുന്നില്ല. സ്നേഹം എപ്പോഴും മറ്റുള്ളവരിൽ നന്മ വരുവാനാണ് ആഗ്രഹിക്കുന്നത്. മറ്റുള്ളവർക്ക് നന്മ വരുവാൻ ആഗ്രഹിക്കുന്ന സ്നേഹം നമ്മിൽ കുറയുമ്പോൾ ദൈവത്തിൽ നിന്നുള്ള നന്മ നമ്മിലും കുറയും. നിശ്ചയമായും ദൈവം ആഗ്രഹിക്കുന്നത് “ആരും നശിച്ചുപോകരുത് എന്നാണ്”.

പൗലൊസ് നിർബ്ബന്ധിക്കപ്പെട്ടിരിക്കുന്നത് ഈ സ്നേഹത്താലാണ്. “ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബ്ബന്ധിക്കുന്നു; എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചിരിക്കേ എല്ലാവരും മരിച്ചു എന്നും, ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല, തങ്ങൾക്കു വേണ്ടി മരിച്ച് ഉയിർത്തവനായിട്ടു തന്നെ ജീവിക്കേണ്ടതിന് അവൻ എല്ലാവർക്കും വേണ്ടി മരിച്ചു എന്നും ഞങ്ങൾ നിർണ്ണയിച്ചിരിക്കുന്നു ” (2കൊരി. 5:14,15). നമ്മിൽ ദൈവസ്നേഹം ഉണ്ട് എന്ന് നാം വിശ്വസിക്കുന്നു എങ്കിൽ നഷ്ടപ്പെട്ടവരെക്കുറിച്ചുള്ള ചിന്ത നമുക്കുണ്ടായിരിക്കേണ്ടതാണ്.

അപ്പോസ്തലനായ യോഹന്നാൻ തന്റെ ഒന്നാമത്തെ ലേഖനത്തിൽ സ്നേഹത്തെക്കുറിച്ച് സംസാരിക്കുന്നു. എവിടെയും ഉള്ള ഏതൊരു മനുഷ്യനും ഉള്ള ഏറ്റവും നല്ലത് എന്നുള്ളത് ദൈവവുമായി നല്ല മനസാക്ഷിയിൽ ജീവിക്കുക എന്ന

(ശേഷം 7-ാം പേജിൽ)

(6-ാം പേജിന്റെ തുടർച്ച )

ഓരോ വിശ്വാസിയും........ പറയുന്ന കാരണങ്ങൾ

താണ്. യോഹന്നാൻ എഴുതുന്നത്. " ഞങ്ങൾ കണ്ടും കേട്ടുമുള്ളത് നിങ്ങൾക്ക് ഞങ്ങളോടു കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോടും അറിയിക്കുന്നു. ഞങ്ങളോടു കൂട്ടായ്മ പിതാവിനോടും അവന്റെ പുത്രനായ ക്രിസ്തുവിനോടും ആകു ന്നു" (1യോഹ. 1:3). ആ കൂട്ടായ്മ ആശ്യപ്പെടുന്നത്, ദൈവശാസ്ത്രപരമായ ഒരു അഭ്യാസമാണ്. അതായത് ക്രിസ്തുവിലൂടെ നമ്മോടു കാണിച്ച ദൈവസ്നേഹവും ദൈവത്തെ വിശ്വസിപ്പാൻ തക്കവണ്ണം നമ്മിലുരുവായ ദൈവസ്നേഹവും കൂട്ടായ്മയായി ഭവിച്ചിട്ട് ആ ദൈവസ്നേഹത്തിന്റെ സാക്ഷികളും ആയിത്തീരുന്നു. ഞാൻ ദൈവ ത്തെ സ്നേഹിക്കുന്നു എങ്കിൽ ആ ദൈവത്തെ നാം സാക്ഷിക്കേണ്ടതാണ്.

**തന്റെ വരവിന്റെ വാഗ്ദത്തം**

" ഗലീലാ പുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേയ്ക്ക് നോക്കിനില്ക്കുന്നത് എന്ത് ? നിങ്ങളെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേയ്ക്ക് പോകുന്നവനായി നിങ്ങൾ കണ്ടതു പോലെ അവൻ വീണ്ടും വരും " (അ. പ്ര. 1:11).

" കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്നു അഗ്നിജ്വാലയിൽ പ്രത്യക്ഷനായി " (2തെസ്സ. 1:6). നിശ്ചയമായും യേശു വേഗം വരും. കർത്താവു വന്നു കഴിഞ്ഞാൽ പിന്നെ സുവിശേഷ പ്രസംഗത്തിന്റെ ആവശ്യമില്ല. "ചിലർ താമസം എന്ന് വിചാരിക്കുന്നതുപോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ച് നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ. കർത്താവിന്റെ ദിവസ മോകള്ളനെപ്പോലെ വരും. അന്ന് ആകാശം കൊടുമുഴക്കത്തോടെ ഒഴിഞ്ഞുപോകും. മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും " (1പത്രൊ. 3:9,10). ദൈവവചനത്തിൽ ഉള്ള നമ്മുടെ ആ അറിവ് തന്റെ വരവിനായി നമ്മെ ഒരുക്കും, മാത്രമല്ല ദൈവത്തിന്റെ രാജ്യം ഇന്ന് നാം കാണുന്ന ഭൂമിയിലുള്ള ആളുകളെക്കാൾ എത്രയോ മടങ്ങ് ആളുകളെകൊണ്ട് നിറഞ്ഞിരിക്കുന്നതുമാണ്.

**ഓരോ മനുഷ്യനും കണക്കുബോധിപ്പിക്കണം.**

2കൊരി. 5:10 സംസാരിക്കുന്നത് "അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിന് തക്കവണ്ണം പ്രാപിക്കേണ്ടതിന് നാം എല്ലാവരം ക്രിസ്തുവിന്റെ ന്യായാസനത്തിന് മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു ". 2കൊരി. 4,5 അദ്ധ്യായങ്ങളിൽ ക്രിസ്തുവിനെ പ്രസംഗിക്കുന്നതിനെക്കുറിച്ചാണ് പൗലൊസ് സംസാരിക്കുന്നത്. ക്രിസ്തുവിനെ പ്രസംഗിക്കുന്നതിന്റെ താല്ക്കാലിക മഹത്വത്തെക്കുറിച്ചും നിത്യമായ മഹത്വത്തെക്കുറിച്ചും സംസാരിക്കുന്നു. കഷ്ടത അതിന്റെ കൂട്ടാളിയാണ്. ദൈവമക്കൾ ക്രിസ്തുവിനു പകരമായി ആളുകളെ ക്രിസ്തുവിങ്കലേയ്ക്ക് ക്ഷണിച്ച് പ്രസംഗിക്കുന്നു.

പൗലൊസ് സഭയിലെ വിശ്വാസികളോട് ചോദിക്കുന്നത് "എന്നാൽ അവർ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും? അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും? ആരും അയയ്ക്കാതെ എങ്ങനെ പ്രസംഗിക്കും? നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം (റോമ. 10:14,15). അതിന്റെ ഇത്തരം, സാദ്ധ്യമല്ല എന്നതാണ്. എന്നാൽ ആ ഉത്തരവാദിത്വം ദൈവം സഭയെ ഏല്പിച്ചിരിക്കുകയാണ്. സഭയുടെ അംഗം എന്ന നിലയിൽ നാം എല്ലാവരും അതിന് ഉത്തരവാദികളാണ്.

**നിയോഗത്തിന്റെ മഹത്വം.**

മത്തായി 28:18-20-ൽ ആ നിയോഗം നാം വായിക്കുന്നു. " സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകലജാതികളെയും എന്റെ ശിഷ്യരാക്കികൊൾവിൻ. ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെയുണ്ട്. മത്താ. 16:19 പറയുന്നത് "സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്ക് തരുന്നു. നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും എന്ന് ഉത്തരം പറഞ്ഞു". എഫെ. 3:9-11 വായിക്കുന്നത്. "സകലവും സൃഷ്ടിച്ച ദൈവത്തിൽ അനാദികാലം മുതൽ മറഞ്ഞു കിടന്ന മർമ്മത്തിന്റെ വ്യവസ്ഥ ഇന്നതെന്നു എല്ലാവർക്കും പ്രകാശിപ്പിപ്പാനുമായി ഈ കൃപ നൽകിയിരിക്കുന്നു. അങ്ങനെ ഇപ്പോൾ സ്വർഗ്ഗത്തിൽ വാഴ്ചകൾക്കും അധികാരങ്ങൾക്കും ദൈവത്തിന്റെ ബഹുവിധമായി ജ്ഞാനം അവൻ നമ്മുടെ കർത്താവായ യേശുവിൽ നിവർത്തിച്ച അനാദിനിർണ്ണയ പ്രകാരം സഭ മുഖാന്തരം അറിവായ് വരുന്നു ". ദൈവത്തിന്റെ ആ ജ്ഞാനം യാതൊരു സംശയത്തിനും ഇടയില്ലാതെ നമ്മെ ഓർമ്മിപ്പിക്കുന്നത് നാം കർത്താവിനോടു നല്ല മനസാക്ഷിയുള്ളവരായി നഷ്ടപ്പെടുന്നവരെ ക്കുറിച്ച് ചിന്തയുള്ളവരായി അവിടുത്തെ നാമത്തെ സാക്ഷിക്കണം എന്നാണ്.

ഈ ലേഖനം വായിച്ചു തീരുന്നതിനു മുമ്പ് ഒരു നിമിഷം ചിന്തിക്കുമോ? യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ചിട്ടില്ലാത്ത ആളുകളെ മനസിലാക്കി, ഞാൻ ദൗത്യത്തിലായിരിക്കുന്നുവോ എന്ന് പരിശോധിക്കുക. എങ്ങനെയാണ് അങ്ങയെ ലോകത്തിന് വെളിപ്പെടുത്തിക്കൊടുക്കേണ്ടത് എന്ന് പ്രാർത്ഥിക്കുക. മേൽപറഞ്ഞ കാര്യങ്ങൾ ഓർക്കുക. നമ്മു ടെ ഉത്തരവാദിത്വം ഉത്സാഹത്തോടെ നിവർത്തിക്കാം. ❖

**"യഹോവയെ സ്തുതിപ്പിൻ; യഹോവയെ ഭയപ്പെട്ട് അവന്റെ കല്പനകളിൽ ഏറ്റവും ഇഷ്ടപ്പെടുന്ന മനുഷ്യൻ ഭാഗ്യവാൻ. അവന്റെ സന്തതി ഭൂമിയിൽ ബലപ്പെട്ടിരിക്കും; നേരുള്ളവരുടെ തലമുറ അനുഗ്രഹിക്കപ്പെടും. ഐശ്വര്യവും സമ്പ ത്തും അവന്റെ വീട്ടിൽ ഉണ്ടാകും. "**

**(സങ്കീ. 112: 1-3)** ❖

(5-ാം പേജിന്റെ തുടർച്ച )

## പൂർണ്ണമായി ദൈവത്തിന് അർപ്പിക്കപ്പെട്ട ഒരു ഹൃദയം

ഭാരത്തോടെ പോരാടി പ്രാർത്ഥിക്കുകയാണു നാം ചെയ്യേണ്ടത്. ക്രിസ്തുവിനെ കൂടാതെ ജീവിക്കുന്നവർക്ക് അവരുടെ നഷ്ടപ്പെട്ട അവസ്ഥയെക്കുറിച്ച് കുറ്റബോധമില്ല. അവരോട് മനസലിവു കാണിച്ച് അവർക്കുവേണ്ടി പ്രാർത്ഥിച്ചില്ലെങ്കിൽ അവർ നിത്യനാശത്തിലേയ്ക്ക് പോകും.

**കേവലം ക്രൂസേഡുകളും കോൺഫറൻസും മനുഷ്യന്റെ യാന്ത്രികമായ പ്രവർത്തനങ്ങളും ഉണർവുണ്ടാക്കുന്നില്ല.**

തീർച്ചയായും നമുക്ക് ഇവിടെ സുവിശേഷീകരണത്തിന്റെ ബൃഹത്തായ പദ്ധതികളുണ്ട്. വലിയ സുവിശേഷ യോഗങ്ങളുണ്ട്. ക്രൂസേഡുകളുണ്ട് ഉണർവ്വു യോഗങ്ങളുണ്ട്. സുവിശേഷീകരണസംരംഭങ്ങൾ വരുന്നു പോകുന്നു, എന്നാൽ പട്ടണങ്ങളും ഗ്രാമങ്ങളും നഷ്ടപ്പെട്ട അവസ്ഥയിൽ തന്നെ. നമ്മുടെ പദ്ധതികൾ വലുതാണ്, യാന്ത്രികമായി അത് നടക്കുന്നു നഷ്പ്പെട്ട ആത്മാക്കളെ നേടുന്നതിൽ നാം തണുത്ത അവസ്ഥയിലാണ്. നഷ്ടപ്പെട്ടവരെക്കുറിച്ചുള്ള ആത്മഭാരമില്ല, അവരോടുള്ള ദയയില്ല, വേദനയില്ല, കണ്ണുനീരില്ല. അവർ നോക്കുമ്പോൾ അവരെ ഉപദേശിക്കുവാനോ തങ്ങളുടെ തെറ്റായ വഴിയെക്കുറിച്ച് ഉപദേസിക്കുവാനോ ആരുമില്ല. അതുകൊണ്ട് അവർ തങ്ങളുടെ തെറ്റായ വഴികളിൽ തന്നേ തുടരുന്നു.

ദൈവം നമ്മോട് ദയ കാണിക്കുന്നതു കൊണ്ട് ഗംഭീരമായ ക്രൂസേഡുകളും കോൺഫറൻസുകളും ഉണർവുയോഗങ്ങളും ഗംഭീരമായ സംരംഭങ്ങളുമായി നാം മുന്നോട്ടു പോകുന്നു. വേദനയോടെ യുദ്ധമോ ഇല്ലാതെ നേട്ടമുണ്ടാക്കുവാൻ നാം ശ്രമിക്കുന്നു. എന്നാൽ തണുത്ത ഹൃദയവും നനവില്ലാത്ത കണ്ണുകളുമായി ആത്മാക്കളെ നേടുവാൻ ഒരിക്കലം സാദ്ധ്യമല്ല.

ഉപവാസമോ, കരച്ചിലോ, പ്രാർത്ഥനയോ ഇല്ലാതെ, പകരം തിന്നും കുടിച്ചും തമാശ പറഞ്ഞും, ഉല്ലാസത്തോടും വേല ചെയ്തിട്ട് നാം ചിന്തിക്കുകയാണ് എന്നതുകൊണ്ടാണ് ആത്മാക്കൾ രക്ഷിക്കപ്പെടാത്തത്. താഴ്മയോടും വിനയത്തോടും കാത്തിരുന്ന് പ്രാർത്ഥിച്ച് വേഗം വരുന്ന കർത്താവിന് വഴിയൊരുക്കേണ്ടതാണ്.

**ആർ കാഹളം മുഴക്കും? കരയുന്ന മദ്ധ്യസ്ഥൻ എവിടെ?**

ദൈവത്തെ ആരാധിക്കുന്ന ദൈവത്തിന്റെ ഇടയിൽ താഴ്മയും അനുതാപവും ഉള്ളവരുണ്ടോ? കരയുന്നവരെവിടെ? വേദനയോടെ മദ്ധ്യസ്ഥതയണയ്ക്കുന്നവരെവിടെ? വിളിക്കപ്പെട്ടവരായി ആരുണ്ട്?

ഹാരോൾഡ് ഫ്രലിഗ് ചോദിച്ചത്, നമ്മുടെ ശുശ്രൂഷകന്മാർ ബുദ്ധിയുടെ പ്രമാണങ്ങളിലൊതുങ്ങി പ്രസംഗിക്കയും വളരെ ചുരുക്കത്തിൽ പ്രാർത്ഥിക്കയുമല്ലേ ചെയ്യുന്നത്? മറ്റുള്ളവരുടെ പ്രശ്നത്തെ സ്വന്തം പ്രശ്നം പോലെ കണ്ട് രാത്രികളിൽ അവർക്കുവേണ്ടി കരയുന്ന എത്രപേരാണിന്നുള്ളത്. ഒരു വിശുദ്ധ സഭാ യോഗത്തിനു പിന്നിൽ ശക്തമായ പ്രാർത്ഥനയും ഒരുക്കവും ആവശ്യമാണെന്നിരിക്കെ, കഴിഞ്ഞ ദിവസങ്ങളിലെ ഉല്ലാസങ്ങളെക്കുറിച്ചുള്ള വിലയിരുത്തലുകളും അനുമോദനങ്ങളും മാത്രമല്ല സഭായോഗങ്ങളിൽ കേൾക്കാൻ കഴിയുന്നത്?

പ്രാർത്ഥനയിലൂടെ യുള്ള കൂട്ടായ്മക്കുപകരം വ്യാജത്തിൽ മാത്രം കൂട്ടാ യ്മ ഒതുങ്ങുകയല്ലേ. അനുതാപവും ആദ്യസ്നേഹവും കൂട്ടായ്മയുമെല്ലാം സദ്യകളിലും സന്തോഷങ്ങളിലും ഒതുങ്ങുകയല്ലേ.

പ്രിയരേ, ഇത് തമാശയ്ക്കുള്ള സമയമല്ല. സന്തോഷിക്കുവാനും ഉല്ലസിക്കുവാനും സമയമില്ല. പ്രാകാരത്തിനും വിശുദ്ധസ്ഥലത്തിനും മദ്ധ്യേ കരയേണ്ട സമയമത്രേ. ദൈവമുമ്പാകെ ഒരു സഭായോഗം വിളിച്ചു കൂട്ടി ഉപവസിക്കുവാനും പ്രാർത്ഥിക്കുവാനും ഉള്ള സമയമിതത്രേ. മുഴങ്കാലിൽ നമ്മെ ഏല്പിക്കുവാനും കരയുവാനും ജന ത്തെ രക്ഷിക്കണമേ എന്ന് നിലവിളിപ്പാനുമുള്ള അനുഗ്രഹിക്കപ്പെട്ട അവസരമിതാണ്.

നഷ്ടപ്പെട്ടവനെ ദൈവസന്നിധിയിൽ കൊണ്ടുവരുവാനായി കൊടുക്കേണ്ടതായ വില അധികമാണ്. അപ്പോസ്തലനായ പൗലൊസ് തന്റെ ദൗത്യമായ സുവിശേഷ വേലയിൽ എപ്പോഴും ജാഗരൂകനായിരുന്നു. സ്ഥാനമാനങ്ങൾ, കൂട്ടുകാർ, ധനം, വിശ്രമം, ബന്ധുക്കൾ എല്ലാം നമുക്ക് നഷ്ടപ്പെട്ടേയ്ക്കാം. മറ്റുള്ളവർ ക്രിസ്തുവിനെ അറിയുവാനും അടുത്തുവന്ന് വിടുതൽ പ്രാപിപ്പാനുമായി ഇതെല്ലാം സഹിക്കേണ്ടിവന്നു. ആത്മാക്കൾക്കുവേണ്ടിയുള്ള പൗലൊസിന്റെ ദാഹവും വേദനയും വലിയതായിരുന്നു. പ്രതിസന്ധികളെയും തരണം ചെയ്യുവാൻ തക്കവണ്ണം ശക്തിമത്തായിരുന്നു. നഷ്ടപ്പെട്ട ആത്മാക്കൾക്കുവേണ്ടി അപ്പോസ്തലന്മാരുടെ വേദനയും പ്രവർത്തിയും നാം പങ്കുവച്ചിട്ടില്ലേ? എവിടെയാണ് അവർ വിജയം നേടിയത്. ക്രൂശിന്റെ ചുവട്ടിലല്ലോ? തണുത്ത ഹൃദയവും കരയാത്ത കണ്ണുമായി പാപിക്കായി ജീവൻ നൽകിയ കർത്താവിനെ സാക്ഷിക്കയോ ആത്മാക്കളെ നേടുക എന്നതോ വളരെ അസാധ്യമാണ്.

**രണ്ടാഴ്ച നരകത്തിലായിരുന്നാൽ എന്തു ചെയ്യും?**

വില്യം ബൂത്ത് ലണ്ടന്റെ കിഴക്കേ അതിർത്തിയിൽ സാൽവേഷൻ ആർമി സ്ഥാപിച്ചപ്പോൾ വില്യം ബൂത്തിന്റെ ദർശനം ഏറ്റുവാങ്ങിയ ഒരു കൂട്ടം യുവാക്കൾ തന്നോടു കൂടെയുണ്ടായിരുന്നു. എങ്ങനെ ആത്മാക്കളെ നേടണം എന്ന് പഠിപ്പിക്കുവാൻ ഒരു പരിശീലന കേന്ദ്രം തനിക്കുണ്ടായിരുന്നു. ഒരു ദിവസം സുവിശേഷീകരണത്തെക്കുറിച്ച് പഠിപ്പിക്കുമ്പോൾ രസകരമായ ഒരു കാര്യം പറഞ്ഞത് ഞാൻ നിങ്ങളെ എല്ലാവരേയും രണ്ടാഴ്ചത്തേയ്ക്ക് നരകത്തിലേയ്ക്ക് പറഞ്ഞുവിടാൻ ആഗ്രഹിക്കുന്നു.

എന്താണിതിന്റെ അർത്ഥം. ആ യുവാക്കൾ ചില ദിവസങ്ങൾ നരകത്തിൽ കഴിയുവാനിടയായാൽ അവിടെയുള്ള കരച്ചിലും ഞരക്കവും യാതനയും നേരിട്ടറിഞ്ഞ് തിരിച്ചു വന്നിട്ട് ഒരിക്കലും അടങ്ങാത്ത സുവിശേഷത്തിന്റെ ആവേശത്തോടെ വരുവാനുള്ള ന്യായവിധിയിൽ നിന്നും വിട്ടു പോരുവാൻ ഉപദേശിക്കുവാൻ കഴിയും.

" ദൈവമായ കർത്താവേ, കടന്നുപോകുന്ന എണ്ണമില്ലാത്ത ആത്മാക്കളെക്കുറിച്ച് ചിന്തിക്കുവാനും, ഞങ്ങൾ ജീവിക്കുന്ന ഓരോ നിമിഷവും സ്വർഗ്ഗത്തിലാണ് ഞങ്ങളുടെ വാസസ്ഥലം എന്ന് ഉറപ്പുവരുത്തുവാനും ഞങ്ങളെ സഹായിക്കേണമേ. ഒരു വ്യക്തി പോലും മരണത്തിലൂടെ നിത്യന്യായവിധിയിലേക്ക് പോകാതെ അവരെ അന്വേഷിക്കുവാനും നേടുവാനും അടിയനെ സഹായിക്കണമേ. "

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975